File No.DMA2/347/2019-DMD


| | |
|---|---|
| CE | |
| | |
| DCE (A) | |
| EE | |
| AO | |
| FO | |
| AA | |
| SS | |
| JS | |
| SM | |


"ഭരണഭാഷ– മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - 2018-ലെ പ്രളയക്കെടുതിയിൽ പൂർണ്ണമായോ അല്ലെങ്കിൽ 75%-ൽ അധികം വാസയോഗ്യമല്ലാതായതോ ആയ വീടുകളുടെ ഉടമസ്ഥരായ പുറമ്പോക്കിൽ നിവസിക്കുന്ന കുടുംബങ്ങൾക്കുളള പുനരധിവാസ പാക്കേജ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(കൈ)നം. **7/2019/ഡി.എം.ഡി.** തീയതി, തിരുവനന്തപുരം, **07/03/2019**

---

പരാമർശം:
1. സ.ഉ.(കൈ)നം.7/2018/ഡി.എം.ഡി. തീയതി 21.06.2018
2. സ.ഉ.(കൈ)നം.26/2018/ഡി.എം.ഡി. തീയതി 05.11.2018
3. സ.ഉ.(കൈ)നം.1/2019/ഡി.എം.ഡി. തീയതി 11.01.2019
4. സ.ഉ.(സാധാ)നം.124/2019/ഡി.എം.ഡി. തീയതി 16.02.2019

**ഉത്തരവ്**

2018-ലെ പ്രളയത്തെ തുടർന്ന് പൂർണ്ണമായും തകരുകയോ അല്ലെങ്കിൽ 75%-ൽ അധികം വാസയോഗ്യമല്ലാതായതോ ആയ വീടുകളുടെ ഉടമസ്ഥരായ, പുറമ്പോക്കിൽ നിവസിക്കുന്ന കുടുംബങ്ങൾക്കുളള പുനരധിവാസ പാക്കേജ് അനുവദിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കേരളത്തിൽ 2018-ൽ ജൂൺ-ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലെ പ്രളയത്തിൽ പൂർണ്ണമായും തകരുകയോ അല്ലെങ്കിൽ 75%-ൽ അധികം വാസയോഗ്യമല്ലാതായതോ ആയ വീടുകളുടെ ഉടമസ്ഥരായ, പുറമ്പോക്കിൽ നിവസിക്കുന്ന കുടുംബങ്ങൾക്ക് നിലവിൽ താമസിച്ചു വന്നിരുന്ന സ്ഥലം ഉൾപ്പെടുന്ന ബ്ലോക്കിൽ സർക്കാർ ഭൂമി ലഭ്യമാണെങ്കിൽ ചുരുങ്ങിയത് 3 സെന്റ് ഭൂമിയോ പരമാവധി 5 സെന്റ് ഭൂമിയോ പതിച്ച് നൽകുകയും, അവിടെ പുതിയ വീട് നിർമ്മിക്കുവാൻ 4 ലക്ഷം രൂപ പരാമർശം (2)-ലെ നിബന്ധനകളോടെ അനുവദിക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തുന്നു.
2. പ്രളയത്തിൽ പൂർണ്ണമായും തകരുകയോ അല്ലെങ്കിൽ വാസയോഗ്യമല്ലാതായതോ (75%-ൽ അധികം) ആയ വീടുകളുടെ ഉടമസ്ഥരായ, പുറമ്പോക്കിൽ നിവസിക്കുന്ന കുടുംബങ്ങൾക്ക് നിലവിൽ താമസിക്കുന്ന ബ്ലോക്കിൽ സർക്കാർ ഭൂമി ലഭ്യമല്ലെങ്കിൽ ചുരുങ്ങിയത് 3 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ പരാമർശം (1),(4) ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നു. ഇപ്രകാരം വാങ്ങിയ സ്ഥലത്ത് പുതിയ വീട് നിർമ്മിക്കുവാൻ 4 ലക്ഷം രൂപ പരാമർശം (1),(2) ലെ നിബന്ധനകളോടെ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**വേണു.വി**

**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ് തലവൻമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഭവന നിർമ്മാണ വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് ) വകുപ്പ്
ഗ്രാമവികസന വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ
പേഴ്സണൽ അസിസ്റ്റന്റിന്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ